Mr. C. J. Mathew *(Joint Secretary to Government)*: There was no truth at all in the allegation.

VISITORS' BOOK FOR HONORARY VISITORS OF HOSPITALS

ഫ്രൊ മിസ്റ്റർ എ. കെ. വല്ലീസ്:

താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവൺമെണ്ട് സദയം മറുപടി നൽകുമോ.—

(എ) അലോപ്പതി ആശുപത്രിയിലെ ഓണററി സന്ദർശകന്മാർക്ക് തങ്ങളുടെ അഭിപ്രായം രേഖപ്പെടുത്തുന്നതിന്നു് ആശുപത്രികളിൽ വല്ല വിസിറേഴ്സ് ബുക്കോ ഡയറിയോ സൂക്ഷിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതുടെ ചുമതലയിലാണ് അവ സൂക്ഷിച്ചിരിക്കുന്നതു്;

(സി) ഏതെങ്കിലും സന്ദർശകന്മാർ അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അവ യഥാകാലം ഗവൺമെണ്ടിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) സന്ദർശകന്മാർ രേഖപ്പെടുത്തിയിട്ടുള്ള അഭിപ്രായങ്ങളെപ്പറ്റി എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ?

മിസ്റ്റർ സി. ജെ. മാത്യു:

(എ) ഉവ്വ്.

(ബി) ഓരോ സ്ഥാപനത്തിന്റേയും അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെ ചുമതലയിലാണ് സൂക്ഷിച്ചിട്ടുള്ളതു്.

(സി) ഉവ്വു്.

(ഡി) ഉവ്വു്.

(ഇ) അവരുടെ അഭിപ്രായങ്ങൾ ഗവൺമെണ്ടു് ആലോചിച്ചു് വേണ്ടതിക്കിൽ നടപടി എടുക്കാറുണ്ടു്.

റാവുസാഹിബു് കെ. അയ്യപ്പൻ: ഓണററി വിസിറേഴ്സിന്നു് മീറ്റിംഗിന്നു ചെല്ലുമ്പോഴല്ലാത്ത അവസരത്തിൽ വിസിറേഴ്സു ബുക്കിൽ അഭിപ്രായമെഴുതുവാൻ അധികാരമുണ്ടോ?

മിസ്റ്റർ സി. ജെ. മാത്യു: അവർ മീറ്റിംഗിന്നു ചെല്ലുന്ന അവസരത്തിലല അഭിപ്രായമെഴുതാറുള്ളു.

റാവുസാഹിബു് കെ. അയ്യപ്പൻ: അല്ലാത്ത അവസരത്തിൽ അവരുടെ അഭിപ്രായമെഴുന്നതിന്നു ബുക്കു കൊടുക്കുമോ?

മിസ്റ്റർ സി. ജെ. മാത്യു: കൊടുക്കുവാൻ വിരോധമില്ലാത്തതാണ്.

റാവുസാഹിബു് കെ. അയ്യപ്പൻ: അങ്ങിനെ ചെയ്യുവാൻ ഗവൺമെൻറ് അനുവദിക്കുമോ?

മിസ്റ്റർ സി. ജെ. മാത്യു: നോട്ടീസ്സുവേണം.

മിസ്റ്റർ കെ. എസ്സ് പണിക്കർ: ഈ ഓണററി വിസിറേഴ്സ് വിസിറു ചെയ്യുവാൻ ചെല്ലുമ്പോൾ ആശുപത്രിയിൽ അഴിമതികൾ ചെയ്യുന്നതു് കാണാതിരിക്കുവാൻ വേണ്ടി ആശുപത്രി അധികാരികൾ അങ്ങിനെയുള്ള സ്ഥലം അവരെ കാണിക്കാതിരിക്കുമോ?

മിസ്റ്റർ സി. ജെ. മാത്യു: ഇങ്ങിനെയെല്ലാം വ്യാഖ്യാനിക്കുന്നതു കഷ്ടമാണ്.

മിസ്റ്റർ പി. കെ. ഡീവർ: വിസിറേഴ്സിനെ അധികാരിക്കു ഇഷ്ടമുള്ള സ്ഥലമല്ലെ കാണിക്കുകയുള്ളു?

മിസ്റ്റർ സി. ജെ. മാത്യു: അവക്കു എല്ലാ സ്ഥലത്തും പോകാം.

മിസ്റ്റർ പി. എ. മുഹമ്മദു അഷ്റോഫ്: ഈ ബോർഡിന്നു പ്രസിഡണ്ടോ സിക്രട്ടറിയൊ ഉണ്ടോ?

മിസ്റ്റർ സി. ജെ. മാത്യു: ഇല്ല.

മിസ്റ്റർ പി. എ. മുഹമ്മദു അഷ്റോഫ്: ഡാക്ടേഴ്സ് ക്ഷണിക്കുമ്പോഴല്ലെ അവക്കു വിസിറു ചെയ്യുവാൻ പാടുള്ളു?

മിസ്റ്റർ സി. ജെ. മാത്യു: സാധാരണയായി ക്ഷണിക്കുമ്പോൾ മാത്രമെ വിസിറുചെയ്യാറുള്ളു.

LIBRARY ARCHIVES Kerala Legislative Assembly

Mr. P. Kumaran Ezhuthassan *(Vadakkancheri):* Can these Honorary visitors visit these hospitals only when they are invited ?

Mr. C. J. Mathew *(Joint Secretary to Government)* The present practice is the Medical Officer-in-charge invites them.

Mr. P. Kumaran Ezhuthassan *(Vadakkancheri):* What is the Government position with regard to the power of the Honorary visitor to visit the hospital concerned even if he is not invited ?

Mr. C. J. Mathew *(Joint Secretary to Government):* It is a Board of Visitors. The Board is generally invited to make the visits.

Mr. P. Kumaran Ezhuthassan *(Vadakkancheri):* Can the Board visit without invitation?

Mr. C. J. Mathew *(Joint Secretary to Government):* There can be no objection, provided no inconvenience is thereby caused to the institutions concerned and to the work in progress there.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: വിസിറേഴ്സ് ഡാക്ടരോട് മൻക്കൂട്ടി പറയാതെ വിസിറ്റുചെയ്യുവാൻ ചെന്നാൽ അഭിപ്രായം രേഖപ്പെടുത്തുന്നതിന്നു വിസിറേഴ്സ് ബുക്ക് കൊടുക്കുമോ ?

മിസ്റ്റർ സി. ജെ. മാത്യു: എല്ലാവരും മൻക്കൂട്ടി അറിയിച്ചിട്ടെ വരാവുള്ളു. മൻക്കൂട്ടി അറിയിക്കാതെ ചെന്നാൽ ചിലപ്പോൾ ഡാക്ടർക്ക് ബുക്കുകൊടുക്കുവാൻ സൌകര്യമില്ലാതെ വന്നേക്കാം.

മിസ്റ്റർ കെ എസ്സ്. പണിക്കർ: ഡാക്ടരുടെ അറിവുകൂടാതെ വിസിറ്റുചെയ്യുന്നതിനൊ അഭിപ്രായമെഴുതുന്നതിനൊ പാടില്ലെ ?

മിസ്റ്റർ സി. ജെ. മാത്യു: ഡാക്ടരുടെ അനുമതികൂടാതെ ആശുപത്രിയിൽ കയ്യൊപ്പു ചെയ്യുവാൻ പാടില്ല.

Mr. P. A. Muhamed Ashroff *(Cranganur):* Can they go and visit the hospital at their own instance.

Mr. C. J. Mathew *(Joint Secretary to Government):* Yes. During visiting hours.

Mr. P. K. Dewer *(Nominated):* May I know whether there is a quorum for the Board?

Mr. C. J. Mathew *(Joint Secretary to Government):* I do not think there is.

HONORARY VISITORS—AYYAMPILLY DISPENSARY

൯൩. മിസ്റ്റർ കെ. എ. രാഘവൻ:

താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവൺമെണ്ട് സദയം മറുപടി പറയുമോ.—

(എ) അയ്യമ്പിള്ളി ഡിസ്പെൻസറിയിലെ ഓണററി സന്ദർശകന്മാർ എത്രയെന്നും അവരുടെ ജാതിതിരിച്ചുള്ള പട്ടികയും സദയം പറയാമോ;

(ബി) ഈ സന്ദർശകന്മാർ ൧൯൫൦ മീനം മുതൽ എഴുതിയ സന്ദർശകക്കുറിപ്പുകളുടെ ഓരോ പ്രതി മേശപ്പുറത്തു വെക്കാൻ ദയവുണ്ടാകുമോ;

(സി) രണ്ടു ഡോക്ടർമാർ ഉണ്ടായിരുന്ന ഈ ഡിസ്പെൻസറിയിൽ ഇപ്പോൾ ഒരാൾ മാത്രമായിരിക്കകൊണ്ട് ജനങ്ങൾ വല്ലാതെ കഷ്ടപ്പെടുന്നുണ്ടെന്നുള്ള വസ്തുത ഗവൺമെണ്ടു ധരിച്ചിട്ടുണ്ടോ?

(ഡി) ഉണ്ടെങ്കിൽ ജനങ്ങളുടെ ഈ കഷ്ടപ്പാട് പരിഹരിക്കാത്തതു് എന്തുകൊണ്ടു്?

മിസ്റ്റർ സി. ജെ. മാത്യു:

(എ) എട്ട് ഓണററി സന്ദർശകന്മാരുണ്ട്.

൧. മിസ്റ്റർ വി. എ. അബ്ദുൽകരീം (മുസ്ലീം)
൨. ,, കെ. കുഞ്ഞുമേനോൻ (ഹിന്ദു-നായർ)
൩. ,, സി. ആർ. കണ്ടൻ (ഹിന്ദു-ഈഴവ)
൪. ,, കെ. സി. അബ്രഹാം (ക്രിസ്ത്യൻ-ജേക്കോബൈറ്റ്)
൫. ,, എം. സി. വർഗ്ഗീസ് ,,
൬. ,, പി. ഐ. പൌലോസ് ,,
൭ ,, ജേക്കബ് തയ്യൻ ,,
൮. ,, കെ. അനന്തപ്പട്ട (ഹിന്ദു-കൊങ്ങിണി)

LIBRARY ARCHIVES Kerala Legislative Assembly